## പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**

**ചോദ്യം നമ്പർ :2549** **12.2.2020 -ൽ മറുപടിയ്ക്ക്**

### വാടാനപ്പള്ളി ബീച്ച് ടൂറിസം പദ്ധതി

| | ചോദ്യം<br>ശ്രീ.മുരളി പെരുനെല്ലി | | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
|---|---|---|---|
| എ) | മണലൂർ മണ്ഡലത്തിലെ വാടാനപ്പള്ളി ബീച്ച് ടൂറിസം പദ്ധതിയ്ക്കായി തൃശ്ശൂർ ഡി. റ്റി. പി.സി. 16.04.2018 ലെ റ്റി.എസ്.ആർ. 584/2017 പ്രകാരം ടൂറിസം ഡയറക്ടർക്ക് സമർപ്പിച്ച എസ്റ്റിമേറ്റിന്റെ വിശദാംശങ്ങൾ എന്തെല്ലാം; | എ) | മണലൂർ മണ്ഡലത്തിലെ വാടാനപ്പള്ളി ബീച്ച് ടൂറിസം പദ്ധതിയ്ക്കായി 2,50,00,000/- (രണ്ട് കോടി അൻപത് ലക്ഷം രൂപ മാത്രം) രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിരിക്കുന്നത്. ആയതിൽ ടോയലെറ്റ് ബ്ലോക്ക്, നടപ്പാത, ലാൻഡ്സ്കേപ്പിംഗ്, ഇലക്ട്രിഫിക്കേഷൻ, കഫറ്റേറിയ , പാർക്കിംഗ് ഏരിയ , കുട്ടികളുടെ പാർക്ക് എന്നിവയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. |
| ബി) | പ്രസ്തുത പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ എന്ന് അറിയിക്കാമോ; | ബി) | ഇല്ല. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള അനുമതി കൂടി ലഭിച്ചാൽ മാത്രമേ ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ കഴിയൂ. |
| ബി) | പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായി ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | സി) | പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിലേക്കായി തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും അനുമതി ലഭിക്കുന്നതിലേക്കായി പഞ്ചായത്ത് നൽകിയ തീരുമാനം, വില്ലേജിൽ നിന്നും ലഭിച്ച സ്കെച്ച് , പ്ലാൻ എന്നിവ സഹിതം വാടാനപ്പള്ളി ഗ്രാമ പഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ